## അധ്യായം 6

# ജലം അമൃതാണ്, ആരോഗ്യമാണ്.

ജല സംരക്ഷണവും ശുചിത്വവും പാലിക്കുന്നതിനൊരു സഹായി



അതി ജീവനം

സുരക്ഷിത ജീവിതത്തിനു ഒരു മാർഗ്ഗരേഖ

Habitat for Humanity® India



മാനവകുലത്തിന്റെ ആരോഗ്യത്തിലും ക്ഷേമത്തിലും ശുദ്ധമായ കുടിവെള്ളത്തിനും, ശുചിത്വത്തിനും അവയുടെ സംരക്ഷണപ്രവർത്തനങ്ങൾക്കും കാര്യമായ പങ്കുണ്ട്. കേവലം ആരോഗ്യത്തിനുവേണ്ടിയുള്ള ഉപാധി മാത്രമല്ലിത്, മറിച്ച് സമൂഹത്തിന് ആരോഗ്യകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്നതിന് അവസരമൊരുക്കുവാനും അതുവഴി, അവരുടെ മാന്യതയും ജീവിതാന്തസും ഉയർത്തുന്നതിനും ഇത് കാരണമാകും. ശുദ്ധമല്ലാത്ത കുടിവെള്ളം വിവിധ ജലജന്യരോഗങ്ങൾക്ക് കാരണമാകാം. ശരിയായി സംസ്കരിക്കപ്പെടാത്ത മനുഷ്യന്റെയും മൃഗങ്ങളുടേയും വിസ്സർജ്ജ്യങ്ങളും, വ്യവസായ ഖര-ദ്രവമാലിന്യങ്ങളും ഭൂഗർഭ ജലവും ഉപരിതലജലവും മലിനമാക്കുന്നു. ജലസംരക്ഷണത്തിന്റെയും, ശുചിത്വത്തിന്റെയും ആവശ്യകതയെ കുറിച്ച് അവബോധം നൽകുകയാണ് ഈ ഭാഗത്തിന്റെ ഉദ്ദേശം.

## ജലം അമൂല്യമാണ്

അകലെ നിന്നും അഥവാ ശൂന്യാകാശത്തുനിന്നും ഭൂമിയെ നോക്കിക്കാണുകയാണെങ്കിൽ ഭൂമിയുടെ ഉപരിതലം നീലനിറത്തിലാണ് കാണപ്പെടുക. കാരണം ഭൂമിയുടെ നാലിൽ മൂന്നു ഭാഗവും അല്ലെങ്കിൽ 70 ശതമാനം ഭാഗവും വെള്ളത്താൽ നിറഞ്ഞതാണ്.

ഭൂമിയിൽ ലഭ്യമായ ജലത്തിന്റെ 97 ശതമാനവും മനുഷ്യന് തന്റെ ദൈനംദിന ആവശ്യങ്ങൾക്ക് നേരിട്ട് ഉപയോഗിക്കുവാൻ സാധിക്കാത്ത ഉപ്പുകലർന്ന കടൽവെള്ളമാണ്. കരയിൽ ജീവിക്കുന്ന മൃഗങ്ങൾക്കും സസ്യങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കും തങ്ങളുടെ ജീവൻ നിലനിർത്തുന്നതിന് ശുദ്ധജലം അനിവാര്യമാണ്.

ഭൂമിയിലുള്ള ജലത്തിന്റെ 2.8 ശതമാനം മാത്രമേ ശുദ്ധജലമുള്ളു. ലഭ്യമായ ശുദ്ധജലത്തിൽ തന്നെ നല്ലൊരു ഭാഗവും മനുഷ്യന് ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ ഭൂഗർഭ ജലമായും, ഉപരിതലജലമായും മഞ്ഞുകട്ടയായും മേഘമായും നീരാവിയായും മറ്റുമാണ് കാണപ്പെടുന്നത്. കണക്കുകൾ പറയുന്നത് ലഭ്യമായ ശുദ്ധജലത്തിന്റെ വളരെ വളരെ ചെറിയൊരു ഭാഗം അതായത് 0.3 ശതമാനം മാത്രമേ മനുഷ്യന് നേരിട്ട് ഉപയോഗിക്കുവാൻ സാധിക്കുന്ന രീതിയിൽ നദികളിലും തടാകങ്ങളിലും മറ്റും കാണപ്പെടുന്നുള്ളു. അതിനാൽ ലഭ്യമായ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതിന് മാനവരാശിയുടെ നിലനിൽപ്പിന് അനിവാര്യമാണ്.

## ശുദ്ധജലം നമുക്ക് ആവശ്യമോ?

ഭൂമിയിൽ ജീവൻ നിലനിൽക്കണമെങ്കിൽ ശുദ്ധജലം അനിവാര്യമാണ്. ആരോഗ്യത്തോടെ ജീവൻ നിലനിർത്തുവാൻ

നിലനിൽക്കണമെങ്കിൽ ശുദ്ധജലം അനിവാര്യമാണ്. ആരോഗ്യത്തോടെ ജീവൻ നിലനിർത്തുവാൻ ദിവസേന എട്ട് ഗ്ലാസ്സ് വെള്ളം അഥവാ 2 ലിറ്റർ വെള്ളം സാധാരണ മനുഷ്യന് ആവശ്യമാണ്.ഇത് അതിശയോക്തിയല്ല കാരണം മനുഷ്യശരീരത്തിന്റെ 70 ശതമാനവും വെള്ളത്താൽ നിർമ്മിതമാണ്. ആവശ്യത്തിന് കുടിവെള്ളം ഇല്ലാതെ വരുന്നത്, അല്ലെങ്കിൽ കുടിവെള്ളം മലിനമായതാകുന്നത് മനുഷ്യനുൾപ്പടെയുള്ള ഭൂമിയിലെ ജീവികളുടെ നിലനിൽപ്പിന് ഭീഷണിയാകും.

ഭക്ഷണമില്ലാതെ ആഴ്ചകളോളം ജീവിക്കാൻ സാധിച്ചേക്കും, എന്നാൽ കുടിവെള്ളമില്ലാതെ വളരെക്കുറിച്ച് ദിവസമേ ജീവിക്കുവാൻ സാധിക്കുകയുള്ളു. കാരണം വിയർപ്പിലൂടെയും, മുത്രത്തിലൂടെയും, ശ്വാസത്തിലൂടെയും ഒക്കെ ശരീരത്തിൽ നിന്നും നഷ്ടപ്പെടുന്ന ജലം പുനഃസ്ഥാപിക്കപ്പെടേണ്ടതുണ്ട്.

വികസ്വരരാജ്യങ്ങളിലുണ്ടാവുന്ന മരണങ്ങളിൽ മൂന്നിലൊന്നും ജലജന്യ രോഗങ്ങൾ മൂലമാണെന്ന് കണക്കാക്കപ്പെടുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ലോകത്തുണ്ടാവുന്ന 80 ശതമാനം അസുഖങ്ങളും മലിനജലം മൂലവും, ശുചിത്വമില്ലായ്മ മൂലവുമത്രേ.

## നമ്മുടെ നാട്ടിൽ ലഭ്യമായതും സംരക്ഷിക്കപ്പെടേണ്ടതുമായ ശുദ്ധജല സ്രോതസുകൾ

നമ്മുടെ നാട്ടിൽ നമുക്ക് ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പറ്റുന്ന രീതിയിൽ ലഭ്യമായ ശുദ്ധജല സ്രോതസുകൾ ഇവയാണ്:

### 1) ഉപരിതലജലം

നദികൾ, പുഴകൾ, കുളങ്ങൾ, കായലുകൾ, കിണറുകൾ തുടങ്ങി ഭൂമിയുടെ ഉപരിതലത്തിൽ ലഭ്യമായ ജലം.



### 2) ഭൂഗർഭജലം

ഭൂമിക്കടിയിലുള്ള പാറകളുടെ പിളർപ്പുകളിലും, വിടവുകളിലും മറ്റും ശേഖരിക്കപ്പെട്ടിട്ടുള്ള ജലം.




### 3) മഴവെള്ളം

സംഭരണികളിലും മറ്റും ശേഖരിക്കപ്പെടുന്ന മഴവെള്ളം.



പരിമിതമായ ഈ ജലസ്രോതസുകൾ സംരക്ഷിക്കുന്നതിന് നാം എന്തുമാത്രം ശ്രദ്ധ നൽകുന്നുണ്ട്? ഗാർഹിക മാലിന്യങ്ങളും മനുഷ്യ വിസർജ്ജ്യങ്ങളും മറ്റും ജലസ്രോതസുകളിൽ വലിച്ചെറിഞ്ഞും, തോടും പുഴകളും കുളങ്ങളും മറ്റും മണ്ണിട്ടുമൂടിയും, മഴവെള്ളം മണ്ണിലേയ്ക്കു താഴാൻ അനുവദിക്കാതെ ഒഴുക്കിക്കളഞ്ഞുമൊക്കെ നാം അവയെ നശിപ്പിക്കുകയല്ലേ? ഇത്തരം പ്രവൃത്തികളിലൂടെ ജീവന്റെ നിലനില്പിനാവശ്യമായ ജലത്തിന്റെ ലഭ്യത കുറച്ച് മരണം ഇരന്നു വാങ്ങുകയാണ് എന്ന് ഓർക്കുക.



## കുടിവെള്ളം മലിനമാകുന്നതെങ്ങനെ?

കുടിവെള്ളം മലിനമാകുന്നത് മനുഷ്യന് ഹാനികരമായ വൈറസുകളുടേയും ബാക്ടീരിയകളുടേയും രാസവസ്തുക്കളുടേയും സാന്നിദ്ധ്യം മൂലമാണ്.
ജലം മലിനമാകുന്നത് പ്രധാനമായും മനുഷ്യരുടെ തന്നെ പ്രവർത്തികൾ മൂലമാണ്. മനുഷ്യരുടേയും മൃഗങ്ങളുടേയും വിസർജ്ജ്യങ്ങൾ ജലസ്രോതസുകളിൽ എത്തുന്നത് ജലം മലിനമാകുന്നതിന് ഒരു പ്രധാന കാരണമാണ്. കക്കൂസുകൾക്ക് സെപ്ടിക് ടാങ്കുകൾ ഉപയോഗിക്കാതിരിക്കുന്നത് ജലം മലിനമാക്കുന്നതിൽ ഒരു പ്രധാന ഘടകമാണ്.
ജനങ്ങൾ ഗാർഹിക മാലിന്യങ്ങൾ ജലസ്രോതസുകളിലേയ്ക്ക് എറിയുന്നതും, ഫാക്ടറികളിൽ നിന്നും, നഗരങ്ങളിലെ അഴുക്കു ചാലുകളിൽ നിന്നും ശുദ്ധിയാക്കാതെ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളും ജലത്തെ മലിനമാക്കുന്നു.
കാർഷികാവശ്യങ്ങൾക്കുപയോഗിക്കുന്ന കീടനാശിനികളും, രാസവളങ്ങളും മറ്റും ജലസ്രോതസുകളിൽ എത്തുന്നത് ജലം മലിനമാകുന്നതിന് പ്രധാന കാരണമാണ്.

## കുടിവെള്ളത്തിലൂടെ രോഗങ്ങൾ?

തെളിഞ്ഞ വെള്ളം ശുദ്ധമാകണമെന്നില്ല. സൂക്ഷ്മജീവികളായ ബാക്ടീരിയകളുടേയും ഫംഗസുകളുടേയും രാസവസ്തുക്കളുടേയും സാന്നിദ്ധ്യം നമ്മുടെ നഗ്നനേത്രങ്ങളാൽ കണ്ടെത്തുവാൻ സാധ്യമല്ല.
മലിനമായ ജലസ്രോതസുകളിൽ നിന്നെത്തുന്ന കുടിവെള്ളത്തിൽ അതിസാരം, കോളറ, ടൈഫോയിഡ്, വയറിളക്കം, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകാവുന്ന ബാക്ടീരിയയും മറ്റു സൂക്ഷ്മജീവികളും ഉണ്ടാകുവാൻ സാധ്യതയുണ്ട്.

മലിനമായ രീതിയിൽ വെള്ളം ശേഖരിക്കുന്നതും, വൃത്തിഹീനമായ കൈകൾകൊണ്ട് ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതും, മലിനജലത്തിൽ പച്ചക്കറികളും മറ്റ് പാചകസാമഗ്രികളും കഴുകുന്നതും ജലജന്യ രോഗങ്ങൾ പകരുന്നതിന് കാരണമാകും.



## ജലജന്യരോഗങ്ങൾ എങ്ങനെ തടയാം?

അല്പം ശ്രദ്ധകൊടുത്താൽ വളരെ ലളിതമായ പ്രവർത്തനങ്ങളിലൂടെ നമുക്ക് ജലജന്യ രോഗങ്ങളെ തടയുവാൻ സാധിക്കുന്നതാണ്. ഇതിനായി:

തിളപ്പിച്ച് ആറിയ വെള്ളം കുടിയ്ക്കുവാനുപയോഗിക്കുക

(കേവലം ചൂടാക്കിയാൽ രോഗാണുക്കൾ നശിക്കുകയില്ല).തിളപ്പിക്കുന്നതിലൂടെ വെള്ളത്തിലുള്ള രോഗകാരികളായ ബാക്ടീരിയകൾ, വൈറസുകൾ, ഫംഗസുകൾ മുതലായവ പൂർണ്ണമായും നശിക്കും. കിണറ്റിൽ നിന്നോ, കുളത്തിൽ നിന്നോ നേരിട്ടെടുക്കുന്ന അവയുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ലാത്തതിനാൽ, നിർബന്ധമായും വെള്ളം തിളപ്പിച്ചാറിച്ചേ കുടിയ്ക്കാനുപയോഗിക്കാവൂ.



പ്രകൃതി ദുരന്തങ്ങളായ വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, ഭൂമികുലുക്കം തുടങ്ങിയവ നമ്മുടെ പ്രദേശത്തുണ്ടാകുന്ന കാലങ്ങളിൽ നിർബന്ധമായും വെള്ളം തിളപ്പിച്ചാറിച്ച് ഉപയോഗിക്കണം. പ്രതിരോധ ശേഷിയിൽ കുറവുള്ളവരായ കുഞ്ഞുങ്ങൾ, പ്രായമായവർ, പ്രമേഹം പോലെയുള്ള അസുഖങ്ങളുള്ളവർ തുടങ്ങിയവർ തിളപ്പിച്ച് ആറിയ വെള്ളം ഉപയോഗിക്കുന്നത് ആരോഗ്യകരമാണ്.

മലിനജലവും മല-മൂത്ര വിസർജ്ജ്യങ്ങളും ശരിയായ രീതിയിൽ നീക്കം ചെയ്യുക, നശിപ്പിക്കുക. സെപ്ടിക് ടാങ്കുകളുടെ ശരിയായ ഉപയോഗം ഇതിനായി അവലംബിക്കാവുന്നതാണ്. ഇവ സ്ഥാപിക്കുമ്പോൾ ശുദ്ധജല സ്രോതസുകളായ കിണറുകളിൽ നിന്നും കുളങ്ങളിൽ നിന്നും പരമാവധി അകലം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സെപ്ടിക് ടാങ്കുകളും ജലസ്രോതസുകളായി കുറഞ്ഞത് ഏഴ് മീറ്റർ അകലമുണ്ടാകണം.

ശുചിമുറി ഉപയോഗ ശേഷം നിർബന്ധമായും കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുക. നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണുവാൻ സാധിക്കാത്ത രോഗാണുക്കളായ ഇ-കോളി, ഷിഗെല്ല, സ്ട്രെപ്റ്റോകോക്കസ്, ഹെപ്പാറ്റൈറ്റിസ്



എ, ഇ തുടങ്ങിയവ മനുഷ്യവിസർജ്ജ്യത്തിലും കക്കൂസിന്റെ പ്രതലത്തിലും, ടാപ്പുകളിലും വാതിലിന്റെ കൈപ്പിടിയിലുമൊക്കെയുണ്ടാവാം. ശരിയായ രീതിയിൽ സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുന്നതിലൂടെ ഈ അണുക്കളെ നമുക്ക് നശിപ്പിക്കുവാൻ സാധിക്കും.



## ശരിയായ രീതിയിൽ സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുന്നതെങ്ങനെ?

**കൈകൾ നന്നായി നനയ്ക്കുക. രണ്ട് കണങ്കൈയ്യും, കൈപ്പത്തിയുടെ ഇരുവശവും, വിരലുകളും, കൈനഖങ്ങൾക്കുൾവശവും നന്നായി സോപ്പ് പതച്ച് 15 മുതൽ 20 സെക്കൻഡ് വരെ കൈകൾ കൂട്ടിത്തിരുമ്മണം. തുടർന്ന് ശുദ്ധജലത്തിൽ നന്നായി കൈകൾ കഴുകി വൃത്തിയാക്കുക. സിങ്കിലോ വിഷ്ബേസിനിലോ ആണ് കൈ കഴുകുന്നതെങ്കിൽ അതിലോ അതിന്റെ വശങ്ങളിൽ കൈ സ്പർശിക്കാതെ സൂക്ഷിക്കണം. കഴുകിയ കൈ വൃത്തിയുള്ള തൂവാലയോ, ടിഷ്യൂപേപ്പറോ ഉപയോഗിച്ച് തുടച്ച് ഉണക്കണം.**

ഭക്ഷണപദാർത്ഥങ്ങൾ മൂടിവയ്ക്കുക. തുറന്നിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ രോഗകാരികളായ ബാക്ടീരിയകളും പൂപ്പലുകളും മറ്റും പറ്റിപ്പിടിക്കുവാനും വളരുവാനും സാധ്യതയുണ്ട്. ഭക്ഷണപദാർത്ഥങ്ങൾ ശരിയായ രീതിയിൽ മൂടി വയ്ക്കുന്നതിലൂടെ ഇതൊഴിവാക്കാൻ സാധിക്കും.

ജലസ്രോതസുകൾ മലിനമാകാതെ സംരക്ഷിക്കുക നമ്മുടെ താമസസ്ഥലത്തിനടുത്തുള്ള ജലസ്രോതസ്സുകളായ കുളങ്ങൾ, കിണറുകൾ, തോടുകൾ, പുഴകൾ തുടങ്ങിയവ മലിനമാകാൻ അനുവദിയ്ക്കാതിരിക്കുക. ഗാർഹിക മാലിന്യങ്ങൾ അവയിലേയ്ക്ക് വലിച്ചെറിയാതിരിക്കുക. വളർത്തുമൃഗങ്ങളെ കുളങ്ങളിലും മറ്റും ഇറക്കി നിർത്തി കുളിപ്പിക്കാതിരിക്കുക. മലമൂത്രവിസർജ്ജ്യങ്ങൾ ജലസ്രോതസുകളുമായി കലരുന്നില്ലെന്ന് ഉറപ്പാക്കുക.





## ജലസംരക്ഷണത്തിനുള്ള മാർഗങ്ങൾ

ജലസംരക്ഷണത്തിന്റെ ആവശ്യകത, സമീപഭാവിയിൽ ഉണ്ടാകുവാനിടയുള്ള ജലദൗർലഭ്യം, കുടിവെള്ള പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് സമൂഹത്തെ മുഴുവൻ ബോധവാന്മാരാക്കുവാനും അവരുടെ പെരുമാറ്റവ്യതിയാനം ഉതകുന്ന രീതിയിൽ ജലസാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക. ജലത്തിന്റെയും ജലസംരക്ഷണത്തിന്റെയും പ്രാധാന്യം കുട്ടികൾക്ക് മനസിലാക്കിക്കൊടുക്കുക, ജലസംരക്ഷണമാർഗങ്ങൾ അവരെ പരിശീലിപ്പിക്കുക

ജലത്തിന്റെ പുനരുപയോഗം പരമാവധി സാധ്യമാക്കുക മഴവെള്ള സംഭരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക. പുരപ്പുറത്തും മറ്റും ലഭ്യമാകുന്ന മഴവെള്ളം അരിച്ചെടുത്ത് മഴവെള്ള സംഭരണികളിൽ സൂക്ഷിച്ചാൽ കുടിവെള്ളമായി ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്. ഇതേ വെള്ളം കിണറുകളിലേയ്ക്ക് അരിച്ചിറങ്ങുവാൻ അനുവദിയ്ക്കുന്നത് കിണർ റീച്ചാർജ്ജിംഗിന് സഹായകമാണ്. പടുതാക്കുളം പോലെയുള്ള ചിലവുകുറഞ്ഞ ജലസംഭരണികൾ നിർമ്മിച്ച് മഴവെള്ളം സംഭരിക്കുകയാണെങ്കിൽ അത് പാചകേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്കായി പഞ്ചായത്തുമായി ബന്ധപ്പെടുക

മഴവെള്ളം ഒഴുകിപ്പോകുവാൻ അനുവദിക്കാതെ, ഭൂമിയിൽ ആഴ്ന്നിറങ്ങത്തക്ക രീതിയിൽ ചരിവുള്ളപ്രദേശങ്ങളിൽ മഴക്കുഴികൾ നിർമ്മിക്കുന്നത് അഭികാമ്യമല്ല, കാരണം അത് മണ്ണിടിച്ചിലിന് കാരണമായേക്കാം. മുളപോലെയുള്ള സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നത് മണ്ണൊലിപ്പ് തടയുന്നതിനും, കൂടുതൽ ജലം ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങുന്നതിനും സഹായിക്കും. പാത്രങ്ങൾ കഴുകുമ്പോൾ പൈപ്പിൽ നിന്നും വെള്ളം നേരിട്ട് ഉപയോഗിക്കാതെ ഒരു പാത്രത്തിൽ വെള്ളം ശേഖരിച്ച് വച്ച് ഉപയോഗിക്കുക. ഇത് ജലവിനിയോഗം കാര്യമായി കുറയ്ക്കുവാൻ സഹായകമാണ്.

നല്ല ഗുണമേന്മയുള്ള സാമഗ്രികൾ പ്ലമ്പിംഗിനായി ഉപയോഗിക്കുക. പ്ലമ്പിംഗ് സംവിധാനം ഇടയ്ക്കിടെ പരിശോധിച്ച് ചോർച്ചയില്ലായെന്ന് ഉറപ്പുവരുത്തുക. കാലപ്പഴക്കത്തിൽ പൈപ്പുകളിൽ പൊട്ടലുണ്ടാകുവാനും ജോയിന്റുകളിൽ ചോർച്ചയുണ്ടാകുവാനും സാധ്യതയുണ്ട്. ചോർച്ച എത്ര ചെറുതായാലും അത് ഉടനടി പരിഹരിക്കുക. കാരണം ഒരു പൈപ്പിൽനിന്ന് സെക്കന്റിൽ ഒരു തുള്ളിയെന്ന കണക്കിൽ ജലം നഷ്ടപ്പെട്ടാൽ കുറഞ്ഞത് 15-20 ലിറ്റർ വെള്ളം ഒരു ദിവസം നഷ്ടപ്പെടാം. പല്ല് തേയ്ക്കുമ്പോഴും, ഷേവ് ചെയ്യുമ്പോഴും അനാവശ്യമായി പൈപ്പ് തുറന്നിട്ട് വെള്ളം പാഴാക്കാതെ ശ്രദ്ധിക്കുക

ടോയ്‌ലറ്റ് ഫ്ളെഷിന്റെ ഉപയോഗം വിവേകപൂർവമായിരിക്കട്ടെ, കാരണം ഒരുതവണ ഫ്ളെഷ് ചെയ്യുമ്പോൾ 10-15 ലിറ്റർ ജലമാണ് നഷ്ടമാകുന്നത്. നിസ്സാര ആവശ്യങ്ങൾക്ക് ഫ്ളെഷ് ചെയ്യുന്നതിനുപകരം പാത്രത്തിൽ വെള്ളം ശേഖരിച്ച് ഒഴിക്കുവാൻ ശ്രദ്ധിക്കുക.



തുണികഴുകിയതോ, പാത്രങ്ങൾ കഴുകിയതോ ആയ വെള്ളം ചെടികൾ നനയ്ക്കുവാൻ ഉപയോഗിക്കുന്നത് ജലനഷ്ടം കുറയ്ക്കും. തുള്ളിനന, തിരിനന പോലുള്ള ജലസംരക്ഷണമാർഗ്ഗങ്ങൾ കൃഷിയിൽ അവലംബിക്കുക. കൃഷിഭവനുമായി ബന്ധപ്പെട്ടാൽ ഇത്തരം മാർഗങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ സാധിക്കുന്നതാണ്.



തുള്ളിനന

വേനൽക്കാലത്ത് സസ്യങ്ങളുടെ ചുവട്ടിൽ കരിയില, തൊണ്ട് മുതലായവ ഉപയോഗിച്ച് പുതയിടുന്നത് നനവ് നിലനിൽക്കുവാനും അതുവഴി ജലത്തിന്റെ ഉപയോഗം കുറയ്ക്കുവാനും സഹായിക്കും. പൈപ്പ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, മൺകലം കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് മുതലായവ ഗാർഹിക മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഉപയോഗിക്കുന്നത് ജലസ്രോതസുകൾ മലിനമാക്കുന്നത് തടയുവാൻ സഹായകമാണ്.

# വെള്ളം ശുദ്ധിയാക്കാൻ ക്ലോറിനേഷൻ

**കിണറുകളിലും ജലസംഭരണികളിലും ക്ലോറിനേഷൻ നടത്തുന്ന വിധം**

കിണറുകളിലും ജലസംഭരണികളിലും ഉള്ള ജലം ശുദ്ധിയാക്കുവാൻ ഉപയോഗിക്കുന്ന ഫലപ്രദമായ മാർഗമാണ് സൂപ്പർ ക്ലോറിനേഷൻ. 1000 ലിറ്റർ വെള്ളത്തിന് 5 ഗ്രാം എന്ന കണക്കിൽ ബ്ലീച്ചിംഗ് പൗഡർ ഇതിനായി ഉപയോഗിക്കാം. ഒരു ബക്കറ്റിൽ ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ അളന്നെടുത്തശേഷം കുറച്ച് വെള്ളം ചേർത്ത് ഒരു പേസ്റ്റ് പരുവത്തിലാക്കുക. ബക്കറ്റിന്റെ മുക്കാൽ ഭാഗം വെള്ളം നിറച്ച് നന്നായി കലക്കിയതിനുശേഷം 10-15 മിനിറ്റ് വരെ ബക്കറ്റ് അനക്കാതെ വെക്കുക. മുകളിലെ തെളിഞ്ഞ വെള്ളം കിണറിലെ തൊട്ടിയിലേക്ക് ഒഴിച്ച് അത് താഴേക്ക് ഇറക്കി കിണർ വെള്ളത്തിൽ താഴ്ത്തി നന്നായി ഇളക്കിച്ചേർക്കണം. ഒരു മണിക്കൂറിന് ശേഷം മാത്രം ഈ കിണർ വെള്ളം ഉപയോഗിക്കുക.



# ശേഖരിച്ച് വച്ച വെള്ളം ശുദ്ധമാക്കുന്ന വിധം

ശേഖരിച്ചുവച്ച വെള്ളം ശുദ്ധമാക്കുവാൻ ആദ്യം അഞ്ചു ശതമാനം വീര്യമുള്ള ക്ലോറിൻ ലായനി തയ്യാറാക്കുക. 15 ഗ്രാം ബ്ലീച്ചിംഗ് പൗഡർ അര ഗ്ലാസ് വെള്ളത്തിൽ കലർത്തി 15-20 മിനിറ്റ് അനക്കാതെ വയ്ക്കണം. തെളിഞ്ഞ് വരുന്ന വെള്ളം ക്ലോറിൻ ലായനിയായി ഉപയോഗിക്കാം. കുടിവെള്ളം അണുവിമുക്തമാക്കാൻ ഒരു ലിറ്റർ വെള്ളത്തിന് 8 തുള്ളി (0.5 മില്ലി) ക്ലോറിൻ ലായനി ഉപയോഗിക്കാം. ഒരു മണിക്കൂറിന് ശേഷം ഈ വെള്ളം കുടിയ്ക്കാം. ക്ലോറിൻ ഗുളികകളും ശേഖരിച്ചു വച്ച വെള്ളം ശുദ്ധമാക്കുവാൻ ഉപയോഗിക്കാം. ഇരുപത് ലിറ്റർ വെള്ളത്തിന് ഒരു ഗുളിക എന്ന രീതിയിൽ ഉപയോഗിക്കാം.

# ശുദ്ധജല വിതരണത്തിനായുള്ള സർക്കാർ സംവിധാനങ്ങൾ

## കേരളാ വാട്ടർ അതോറിറ്റി

ശുദ്ധജല വിതരണത്തിനും മലിനജലം ശരിയായ രീതിയിൽ നീക്കം ചെയ്യുവാനുമുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ ഏകോപിപ്പിക്കുന്ന ചുമതലപ്പെട്ടിരിക്കുന്നത് കേരളാ വാട്ടർ അതോറിറ്റിയാണ്. ഗാർഹിക ആവശ്യങ്ങൾക്കുള്ള വാട്ടർ കണക്ഷനുകൾ ലഭിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നേരിട്ടോ, അല്ലെങ്കിൽ ലൈസൻസുള്ള പ്ലംബർ വഴിയോ അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം പഞ്ചായത്ത് അല്ലെങ്കിൽ നഗരസഭ നൽകുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കേറ്റ്, സ്ഥിരതാമസ

സർട്ടിഫിക്കേറ്റ്, അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ്, സ്റ്റാമ്പ് ഒട്ടിച്ച രണ്ട് കവറുകൾ, അപേക്ഷിക്കുന്ന കണക്ഷന്റെ സ്കെച്ച്, പ്രവൃത്തിയുടെ മതിപ്പ് ചിലവ് എന്നിവ സമർപ്പിക്കണം.

---

### ജൽ ജീവൻ മിഷൻ

ഗ്രാമീണ ഇന്ത്യയിലെ എല്ലാ വീടുകളിലും 2024-ാം ആണ്ടോടുകൂടി ആവശ്യമായ ശുദ്ധജലം സ്ഥിരമായി എത്തിക്കുന്നതിന് കേന്ദ്ര ജലശക്തി മന്ത്രാലയം ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ. സമൂഹാധിഷ്ടിത ഇടപെടലിലൂടെ ജലസംരക്ഷണത്തിനും, ജലത്തിന്റെ പുനരുപയോഗത്തിനും, മഴവെള്ളക്കൊയ്ത്തിനും, കിണർ റീച്ചാർജ്ജിംഗിനും ഒക്കെ പദ്ധതി സൗകര്യമൊരുക്കുന്നു. ഗ്രാമ പഞ്ചായത്തുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ വിവരങ്ങൾക്കായി നിങ്ങളുടെ പഞ്ചായത്തുമായി ബന്ധപ്പെടുക.

Har Ghar Jal
Jal Jeevan Mission

**ഓർക്കുക**

ജലം അമൂല്യമാണ്, അത് ഭൂമിയിൽ ജീവന്റെ നിലനില്പിന് അനിവാര്യമാണ്. ജലം പ്രധാനമായും അശുദ്ധമാകുന്നത് നമ്മുടെ തന്നെ ചെയ്തികൾ മൂലമാണ്. ജലം അശുദ്ധമാക്കാതിരിക്കാൻ നമുക്ക് ഒന്നുചേർന്ന് ശ്രമിക്കാം. ജലം കൃത്രിമമായി നിർമ്മിക്കുക അസാധ്യമാണ്, അതിനാൽ പരിമിതമായ ജലസമ്പത്ത് വരും തലമുറയ്ക്കായി കരുതിവെയ്ക്കാം.

